(സി) നീണ്ടകര, ബേപ്പൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പുനരുദ്ധാരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. ടി തുറമുഖങ്ങളുടെയും തോട്ടപ്പള്ളി ഫിഷ്‌ലാന്റിംഗ് സെന്ററിന്റെയും പുനരുദ്ധാരണത്തിനാണ് നടപ്പുസാമ്പത്തിക വർഷം നടപടി ആരംഭിക്കുന്നത്.

(ഡി) വിഴിഞ്ഞം, തങ്കശ്ശേരി, കായങ്കുളം, ചോംപാൽ, മോപ്ലാബേ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി 9-ാം പദ്ധതിയിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

9 (*293) ഇ.എസ്.ഐ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികൾക്ക് വൈദ്യസഹായം നൽകുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഇ.എസ്.ഐ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇ.എസ്.ഐ ആശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ ഇ.എസ്.ഐ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ ഇ.എസ്.ഐ ആശുപത്രികളിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

തൊഴിലും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ ആനുകൂല്യത്തിന് അർഹരായ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യസഹായം നൽകുന്നതിന്, നിലവിലുള്ള നടപടികൾ താഴെ വിവരിക്കുന്ന പ്രകാരമാണ്.

(1) ഡിസ്പെൻസറികളിൽ ഹാജരാകുന്ന രോഗികൾക്ക് ഒ.പി വിഭാഗത്തിൽ ചികിത്സ നൽകുകയും അടിയന്തിരഘട്ടങ്ങളിലും വിദഗ്ദ ചികിത്സ ആവശ്യമാണെന്നു തോന്നുന്ന ഘട്ടങ്ങളിലും അവരെ ഇ.എസ്.ഐ ആശുപത്രികളിലേക്ക് അയയ്ക്കുകയും ചെയ്യുന്നു.

(2) ഇ.എസ്.ഐ ആശുപത്രികളിൽ, ഡിസ്പെൻസറികളിൽ നിന്നും റഫർ ചെയ്തുവരുന്ന രോഗികളെ ഇൻ-പേഷ്യന്റുകളായി സ്വീകരിച്ച് ചികിത്സ

LIBRARY ARCHIVES Kerala Legislative Assembly

നല്കി വരുന്നു. ഇ.എസ്.ഐ ആശുപത്രികളിൽ തീവ്രപരിചരണ വിഭാഗം, ശസ്ത്രക്രിയാ സൗകര്യം എന്നിവ ലഭ്യമാണ്. മാത്രമല്ല, ഇ.എസ്.ഐ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് സൗജന്യമായി ഭക്ഷണവും നൽകുന്നുണ്ട്.

(3) രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ നൽകാൻ ഇ.എസ്.ഐ ആശുപത്രികളിലെ സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് വരുമ്പോഴും, അവർക്ക് കൂടുതൽ വിദഗ്ദ്ധ ചികിത്സ (സൂപ്പർ സ്പെഷ്യാലിറ്റി കെയർ) ആവശ്യമുണ്ടെന്ന് കാണുമ്പോഴും മറ്റ് അടിയന്തിര ഘട്ടങ്ങളിലും അവരെ മെഡിക്കൽ കോളേജുകൾ, ശ്രീ ചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ കാൻസർ സെന്റർ, തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് അയയ്ക്കുകയും അവിടെ രോഗിക്കു വരുന്ന ചികിത്സയുടെ മുഴുവൻ ചെലവും സർക്കാർ വഹിക്കുകയും ചെയ്യുന്നു. ഒരു രോഗിക്ക് ആവശ്യമായ ചികിത്സ സർക്കാർ സ്ഥാപനങ്ങളിൽ ലഭ്യമല്ലെങ്കിൽ അവരെ സ്വകാര്യ ആശുപത്രികളിലേക്കും അയയ്ക്കാറുണ്ട്.

(4) രോഗിക്ക് ആവശ്യമുള്ള വിദഗ്ദ്ധ ചികിത്സ സംസ്ഥാനത്ത് ലഭ്യമല്ല എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പ്രസ്തുത ചികിത്സ രാജ്യത്തിന്റെ മറ്റേതു ഭാഗത്തു ലഭ്യമാണെങ്കിലും രോഗിക്ക് അത് ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തികൊടുക്കുകയും അതിന്റെ ചെലവ് സർക്കാർ വഹിക്കുകയും ചെയ്യുന്നുണ്ട്.

(5) രോഗികൾക്ക് ചികിത്സയ്ക്കാവശ്യമായ മിക്ക മരുന്നുകളും ഇ.എസ്.ഐ ഡിസ്പെൻസറികളിലും ആശുപത്രികളിലും ലഭ്യമാണ്. ഏതെങ്കിലും മരുന്നുകൾ പുറത്തു നിന്നും വാങ്ങേണ്ടി വരുകയാണെങ്കിൽ അതിന്റെ മുഴുവൻ തുകയും റീ-ഇംപേഴ്സ്മെന്റ് ചെയ്തു കൊടുക്കുന്നുമുണ്ട്.

(ബി) ഇ.എസ്.ഐ. ആനുകൂല്യത്തിന് അർഹരായവരുടെ എണ്ണത്തിനനുസൃതമായിട്ടാണ് ഡിസ്പെൻസറികളും, ആശുപത്രികളും സ്ഥാപിച്ചിട്ടുള്ളത്. അത് വർഷാവർഷം തിട്ടപ്പെടുത്തുന്നുണ്ട്. എണ്ണം വർദ്ധിക്കുന്ന മുറയ്ക്ക് കൂടുതൽ ഡിസ്പെൻസറികളും ആശുപത്രികളും സ്ഥാപിക്കാൻ നടപടി കൈക്കൊള്ളുന്നതായിരിക്കും.

(സി) ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും നിലവിൽ പരിഗണനയിലില്ല.

(ഡി) ഇ.എസ്.ഐ. ആശുപത്രികളിലെ പോരായ്മകളെക്കുറിച്ച് കാലാകാലങ്ങളിൽ ലഭിക്കുന്ന പരാതികൾ പരിഹരിക്കാൻ തക്കസമയത്ത് തന്നെ നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.

(ഇ) ഇ.എസ്.ഐ ആശുപത്രികളിൽ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതിലേക്ക് സി.പി.ഡബ്ലൂ.ഡി. തയ്യാറാക്കിയ 55 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇ.എസ്.ഐ കോർപ്പറേഷന്റെ അംഗീകാരം തേടിയിട്ടുണ്ട്.

10 (*294) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ സാക്ഷരതാ പ്രവർത്തനം

ശ്രീ. എൻ. ആർ ബാലൻ :
ശ്രീ. സി.കെ രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :

LIBRARY ARCHIVES Kerala Legislative Assembly